## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1810 | 14.07.2011-ൽ മറുപടിയ്ക്ക് |
|---|---|

### കായംകുളം നഗരസഭയിലെ ആരോഗ്യപ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ സി.കെ.സദാശിവൻ: | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | കായംകുളം നഗരസഭയിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ എത്ര ആരോഗ്യ പ്രവർത്തകർ ഉണ്ട് എന്ന് വിശദമാക്കാമോ; | (എ) | നഗരസഭകളിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് നഗരസഭകളാണ്. ഹെൽത്ത് ഓഫീസറുടെ നേതൃത്വത്തിൽ ഉള്ള ആരോഗ്യ വിഭാഗം നിലവിലുണ്ട്. നഗരസഭാ പരിധിയിലുള്ള താലൂക്ക് ആശുപത്രികളിൽ ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാത്രമാണ് ആരോഗ്യവകുപ്പിന്റെ കീഴിലുള്ളത്. |
| (ബി) | പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ കാര്യക്ഷമമായി നടത്തുന്നതിനായി കൂടുതൽ ആരോഗ്യ പ്രവർത്തകരുടെ സേവനം ലഭ്യമാക്കുമോ; | (ബി) | പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുമ്പോൾ നഗരസഭ എന്നുള്ള വ്യത്യാസം കൂടാതെ ആരോഗ്യ വകുപ്പ് മറ്റ് സ്ഥാപനങ്ങളിൽ നിന്നും ആരോഗ്യ പ്രവർത്തകരുടെ സേവനം താൽകാലികമായി ലഭ്യമാക്കാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | വാർഡുതല ആരോഗ്യ ശുചിത്വ കമ്മറ്റികൾക്ക് അനുവദിക്കുന്ന തുകയിൽ വർദ്ധനവ് വരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | വാർഡുതല ആരോഗ്യ ശുചിത്വ കമ്മറ്റികൾക്ക് നിലവിൽ 10,000/- രൂപയാണ് കേന്ദ്രസർക്കാർ എൻ.ആർ. എച്ച്. എം. വഴി നൽകുന്നത്. ഇതിൽ വർദ്ധനവ് വരുത്തുവാൻ ഉള്ള നടപടികൾക്ക് കേന്ദ്ര സർക്കാർ തലത്തിൽ തീരുമാനം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ